എടൂർ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ

2018-19

# അക്ഷരക്കൂട്ട്



## ഉള്ളടക്കം

നിലയ്ക്കാത്ത സ്വപ്നങ്ങൾ......9
വന്ദനം......10
അമ്മേ നീ എന്തിനു പോയി?......11
പുതുമഴ......14
വീണ്ടും എത്തും......15
പൂമ്പാറ്റ......17
ലഹരി......18
ഉഴപ്പിന്റെ ഫലം......19
മാന്ത്രികക്കണ്ണാടി......20
ഒരു യാത്ര......22
പരിസ്ഥിതിനാശം വഴി വന്നുപേരുന്ന ദുരന്തങ്ങൾ......24
ഒരു തലയണ കഥ......25
മതേതരത്വം......26
പൗഹൻറിയിലെ പെൺകുട്ടി......27
എന്റെ മുല്ലപ്പൂവ്......30
പ്രളയത്തിലെ പ്രണയം......33
അമ്മ......35
മഴത്തുള്ളി......36
ജയിംസിന് സാഹസികതയും ഇന്നത്തെ വികസനവും......38
കനവിൽതോണി......40
എൻറെ വിദ്യാലയം......41
അമ്മ......43
നിദ്ര......44
എൻറെ യാത്രസ്മരണകൾ......46
My puppy......47
Colour kites......48
Rainbow......49
*THE LOST CHILD*......50
*Three Butterflier*......53
Trees......57
Seed......58
Little pup......59
KITTENS......60
Over in the Meadow......62

BIRDS....63
The First Flight....65
समय का महत्व....68
चलबाजी की चालबाजी....70

# ആശംസ

എട്ടൂർ സെൻ മേരീസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരു മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ അതിയായസന്തോഷമുണ്ട്. എഴുത്തിന്റേയും വായനയുടെയും ലോകത്തുനിന്ന് ഉൾവലിയുന്നകുട്ടികളുടെ എണ്ണം വർധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികളിലെ സർഗവാസനയെ വളർന്നു വരാനും പരിപോഷിപ്പിക്കുന്നതിനും ഉള്ള സംരംഭങ്ങൾക്കു കഴിയും.

ബൈബിൾ പറയുന്നത് "ജ്ഞാനംനേടുന്നവനും അറിവ് ലഭിക്കുന്നവനും ഭാഗ്യവാനാണ്. എന്തെന്നാൽ അതുകൊണ്ടുള്ളനേട്ടം വെള്ളിയേക്കാളും സ്വർണ്ണത്തെക്കാളും ശ്രേഷ്ഠമാണ്'' [ സംഭാഷണങ്ങൾ 3; 13,14]

അതിനാൽ എഴുതാനും വായിക്കാനും അതുവഴി ജ്ഞാനം സമ്പാദിക്കാൻ ഉള്ള ഒരു അവസരവും നഷ്ടപ്പെടുത്താതിരിക്കാം. അതിനുള്ള അവസരം ഈ മാസികയിലൂടെ നിങ്ങൾക്ക് ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഫാദർ. ആൻറണി മുതുകുന്നേൽ**

സ്കൂൾ മാനേജർ

# ആശംസ

എട്ടൂർ സെൻമേരിസ് ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ  എന്റെ പ്രിയ വിദ്യാർത്ഥികൾ അക്ഷരക്കൂട്ട് എന്ന പേരിൽ ഒരു മാഗസിൻ തയ്യാറാക്കുന്നതിൽ അത്യധികം സന്തോഷവും അഭിമാനവും രേഖപ്പെടുത്തുന്നു. അക്ഷരങ്ങളുടെ ഈ ക്കൂട്ട് അറിവിന്റെ സ്നേഹക്കൂട്ടായി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇതിനായി പ്രയത്നിച്ച പ്രിയ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.

ഹെഡ്മാസ്റ്റർ

ബേബിമാത്യു

# ആശംസ

അ....

അക്ഷരം

അക്ഷരക്കാട്ട്

അക്ഷരങ്ങളുടെ കൂട്ടുകാർ, അക്ഷരങ്ങളോടുള്ള കൂട്ട് അക്ഷരക്കൂട്ടാക്കി മാറ്റിയപ്പോൾ അതൊരു വിസ്മയക്കൂട്ട്.........

എട്ടൂരിന്റെ പ്രതിഭാധനരായ കൂട്ടുകാർക്ക്...
നിങ്ങളുടെ അക്ഷരക്കൂട്ടിനൊപ്പം എന്റെയും കൂട്ട്.......

ബെന്നി മാത്യു കെ
സ്റ്റാഫ് സെക്രട്ടറി

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ്എഡിറ്റർ | : | ബേബിമാത്യു(ഹെഡ്മാസ്റ്റർ) |
| സ്റ്റാഫ്എഡിറ്റർ | : | സജി ടി. പി |
| സ്റ്റുഡന്റ്എഡിറ്റർ | : | അജിത്ത് കെ എം |
| ടൈപ്പിംഗ് | : | ഗായിത്രി പി.വി |
| | : | അക്ഷര ബാബു |
| ലേ ഓഡിസൈനിങ് | : | അശ്വന്ത് ടി പി |

# നാൾ വഴികളിലൂടെ....

1943 മുതൽ തോട്ടം ഭാഗത്ത് പുല്ലുമേഞ്ഞതാല്ക്കാലിക കെട്ടിടത്തിൽ ആരംഭിച്ച താല്ക്കാലികകെട്ടിടത്തിൽ ആരഭിച്ച സെൻറ് മേരിസ് വിദ്യാലയം 1948-ൽ എട്ടരിൽ സെൻറ് മേരിസ് എലിമെൻററി സ്കൂളായി പ്രവർത്തനം തുടങ്ങി. ഇതിനു ചുക്കാൻ പിടിച്ച അന്നത്തെ സ്കൂൾ മാനേജർ ബഹു.ജേസഫ് കുത്തുരച്ചനെ ഈ അവസരത്തിൽ അനുസ്മരിക്കുന്നു. അധ്യപകർക്കും കുട്ടികൾക്കും ക്ഷാമ മുണ്ടയിരുന്ന ആകാലഘട്ടത്തിൽ വിദ്യാഭ്യസത്തിൻെറ പ്രാധാന്യം മനസിലാക്കി പ്രവർത്തിക്കാൻ മാലയോര ജനതയ്ക്ക് സാധിച്ചു. തുടക്കത്തിൽ നാലാംക്ലാസിൽ വരെ മാത്രമേ ക്ലാസുകൾ ഉണ്ടായിരുന്നുള്ളൂ. ബഹു. കട്ടക്കയത്തിലച്ചൻെറ പരിശ്രമഫലമായി 1951 ൽ സെൻറ് മേരീസ് ഹയർ എലിമെൻററിയായി ഉയർത്തപ്പെട്ടു. 1954 ൽ എട്ടാം ക്ലാസിലെ ആദ്യബാച്ച് കുട്ടികൾ E S L C പബ്ലിക് പരീക്ഷ എഴുതി. നല്ല റിസൾട്ട് കിട്ടി. പക്ഷെ തുടർ പഠനത്തിന് അവസരമില്ലാതെ കുട്ടികൾ പഠനം ഉപേക്ഷക്കുവാൻ നിർബന്ധിതരായി. ബഹു. ഇളംതുരുത്തിയിൽ എസ് കെ സെബാസ്റ്റ്യൻ അച്ചൻ സ്വന്തം പണം കെട്ടിവെച്ച് കഠിനാധ്വാനം ചെയ്ത് നേടിയതാണ് ഇന്നത്തെ സെൻറ് മേരീസ് ഹൈസ്കൂൾ. 1956 ൽ ആയിരുന്നു അത്. കണിശക്കാരനായ ശ്രീ. എം ജെ ജോസഫ് മണിമലതറപ്പേലായിരുന്ന ഹെഡ്മാസ്റ്റർ. തുടർന്ന

# നിലയ്ക്കാത്ത സ്വപ്നങ്ങൾ

_അലന ജോർജ്

ഒരു ഗ്രാമം. ആ ഗ്രാമത്തിന്റെ പേരാണ് സെഫിയ. അവിടെ ഒരു സുന്ദരിയും കലാകാരിയുമായ ഒരു പാവം പെൺകുട്ടി. അവളുടെ പേരാണ് ലക്ഷ്മി. അവൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട നെയ്ത്തും വരയ്ക്കലും. അവൾ ഒരു ദിവസം നെയ്ത്തുകൊണ്ടിരിക്കുമ്പോൾ ഒരു നല്ല നെയ്ത്തുകാരിയെ അന്വേഷിച്ചെത്തിയ ഒരാൾ ആ ഗ്രാമത്തിൽ എത്തിയത്.

അവിടെയുള്ള ആളുകളോട് അയാൾ ചോദിച്ച "സുഹൃത്തെ ഇവിടെ നന്നായി നെയ്യുന്നവരിൽ ആരാണ് ഏറ്റവും മികച്ചതായി നെയ്ത്തുതരുന്നത്"' അപ്പോൾ ആ ആൾക്കൂട്ടത്തിൽനിന്ന് ഒരാൾ പറഞ്ഞു"ഈ ഗ്രാമത്തിൽ ആകെ ഒരു നെയ്ത്തുകാരിയെയുള്ളൂ. അവൾ നന്നായി നെയ്ത്ത തരും. അവളുടെ പേര് ലക്ഷ്മി എന്നാണ്. ഇവിടെ അടുത്താണ് വീട്". അയാൾ ചോദിച്ചു; "ആ പെൺകുട്ടിയുടെ വീട് എവിടെയാണെന്ന് പറഞ്ഞുതരാമോ".

ലക്ഷ്മിയെക്കുറിച്ച് സംസാരിച്ച ആളുടെ പേര് ദാമോദരൻ. ലക്ഷ്മിയുടെ മാമനാണ് ദാമോദരൻ. ദാമോദരൻ അയാളോട് ചോദിച്ച നിങ്ങൾ ആരാണ്? എന്തിന് ലക്ഷ്മിയുടെ വീട് നിങ്ങൾ അന്വേഷിക്കുന്നു? അയാൾ പറഞ്ഞു. "ഞാൻ ഹരിചന്ദ്രൻ. ഒരു മത്സരം ഉണ്ടെന്ന് അറിയിക്കാനാണ് ഞാൻ വന്നത്. ഒരു നെയ്ത്ത് മത്സരം.

കോയമ്പത്തൂരുവച്ച്, അതിനൊരു മത്സരാർത്ഥിയുടെ ആവശ്യമുണ്ട്. അതിനൊരു നല്ല നെയ്ത്തുകാരിയെ അന്വേഷിക്കാനാണ് ഞാൻ വന്നത്".ദാമോദരൻ പറഞ്ഞു."ശെരി ഞാൻ കൂട്ടികൊണ്ടു പോകാം. അവർ

ലക്ഷ്മിയുടെ വീട്ടിലെത്തി, ലക്ഷ്മി ചോദിച്ച; ആരാ ദാമോദരൻ മാമാ ഇത്? ദാമോദരൻ ലക്ഷ്മിയോട് എല്ലാം വിശദമായി പറഞ്ഞു. ലക്ഷ്മി ചോദിച്ച; "അതിന്, എനിക്ക് ഇതൊക്കെ പറ്റുമോ?" ദാമോദരൻ അവൾക്ക്

ആത്മവിശ്വാസമേകികൊണ്ട് പറഞ്ഞു:"നീ എത്ര നന്നായി എല്ലാവർക്കും നെയ്തുകൊടുക്കുന്നു. ആ നിനക്ക്

ഇതൊക്കെ ചെയ്യുവാൻ സാധിക്കും. നീ ഒന്നുമില്ലെങ്കിലും വെറുതെ ഒന്നു നോക്കിക്കോ"

അങ്ങനെ അവൾ കോയമ്പത്തൂര് പോയി. അവൾ ഒന്നാം സ്ഥാനം നേടി. അങ്ങനെ അവൾ കുറെ സമ്മാനങ്ങൾ നേടി. അങ്ങനെ

അവൾ ഒരു പ്രശസ്ത ഡിസൈനറായി. അങ്ങനെ അവൾ മുടിവച്ച'ഫാഷൻ ഡിസൈനിംഗ്"എന്ന ആഗ്രഹം പൂവണിഞ്ഞുകൊണ്ട് പൂർണ്ണമായി.

# വന്ദനം

_ ദേവിക പ്രസാദ്

ഹരിശ്രീയെന്നാദ്യക്ഷരം നാവിൽ കുറിച്ച
ഗുരുവേ നിനക്കു വന്ദനം
എന്നെ ഞാനാക്കുവാൻ പാഠശാലയിലേക്കയച്ച
പിതാവേ നിനക്ക് വന്ദനം
സ്നേഹമെന്ന രണ്ടക്ഷരം ചൊല്ലി പഠിപ്പിച്ച

മാതാവേ നിനക്കും വന്ദനം

'അ' എന്നയക്ഷരം ചൊല്ലിത്തരുമ്പോൾ
അമ്മയെന്ന വാക്കിന്റെ അർഥം പഠിച്ചു
അച്ഛൻനെന്ന വാക്കിൻ മഹത്വം പഠിച്ചു
പിന്നെയും ചൊല്ലിപ്പഠിപ്പിച്ചെൻ ഗുരുനാഥൻ
അമ്പത്തൊന്നക്ഷരങ്ങളും വാക്കുകളും അർഥങ്ങളും
ഈശ്വര ഞാനൊരുനേരമെങ്കിലും ഓർക്കുന്നു
നീയാണ് ഭൂമിയിൽ സർവ്വവും
മാതാവായും പിതാവായും ഈശ്വരനായും
ഞാൻ സ്തുതിക്കും ഗുരുവേ
നീയാണ് സത്യമെന്ന ഈശ്വരൻ
ഗുരുവേ നിനക്ക് വന്ദനം
ഗുരുവേ നിനക്കൊരായിരം വന്ദനം.

# അമ്മേ നീ എന്തിനു പോയി?

_ അനാമിക കെ ജി

അന്നൊരു നാൾ നടന്ന കാര്യം
ഉമ്മറത്തിരുന്നു ഞാൻ ചിന്തിക്കവെ
കണ്ണിൽ നിന്നു പൊഴിയുന്ന
കണ്ണീരിൽ എന്നമ്മതന്നോർമ്മയും ജ്വലിക്കയായി

അമ്മയോടൊപ്പവും അച്ഛനോടൊപ്പവും
ആനന്ദ ലഹരിയിൽ ആറാടിക്കഴിഞ്ഞിരുന്നു
ഞാനന്ന് ഉമ്മറത്തിരിക്കുന്ന നേരത്ത്
അകലെ നിന്നാരോ വരുന്ന കണ്ടു

നിനയ്ക്കാതെയെത്തുന്ന അതിഥിയെ ക്കണ്ടു ഞാൻ
ആരെന്നറിയാൻ തിടുക്കത്തിലായ്

അമ്മയും അച്ഛനും ഉടനെ എഴുന്നേറ്റ്
കൈകൂപ്പി വണങ്ങുതെന്തിനാവോ?
അമ്മയുടനെ പുൽപ്പായ നിവർത്തി
അവർ തലയൊന്നിളക്കി ഇരക്കയായു



എൻ കണ്ണുകൾ ആ രണ്ടുപേരുടെ
മുഖത്തേക്കു മാത്രം പതിഞ്ഞു നിന്നു.
അതിലാരാൾ അച്ഛനോടായ് പറഞ്ഞു
“എന്തൊക്കെയുണ്ടെടോ വശേഷങ്ങൾ”

സുഖം തന്നെയെന്ന മട്ടിൽ
അച്ഛനൊന്ന് തലകുലുക്കി
പതിയെ ഞാൻ അമ്മതൻ
അരികത്തു ചെന്നു നിന്നു.

വീണ്ടും അയാളൊന്നച്ഛനോടായ് മൊഴിഞ്ഞു
“ഒരു കാര്യമുണ്ട് പറയാൻ തന്റെ കുട്ടിയെ
ഒന്നങ്ങു മാറ്റിനിർത്തു”

അച്ഛനെന്നടുത്തെത്തിപ്പറഞ്ഞു
"ഓമലേ നീയൊന്ന് മാറിനിൽക്ക്
തമ്പുരാൻ പൊയ്ക്കഴിഞ്ഞി-
ങ്ങോട്ട് വന്നാൽ മതി
അച്ഛനെ അനസരിച്ചീചുക നീ"
അച്ഛൻ തൻ വാക്കുകൾ കൈക്കൊണ്ട്
ഞാനൽപ്പാങ്ങോട്ട് മാറിനിന്നു
ഞാൻ കേൾക്കൻ പാടില്ലാത്തതെന്തോ
പറയാനുണ്ടെന്നു മാത്രം ബോധ്യമായി
അച്ഛൻ അവരുടെ അടുത്തു
ചെന്നിരുന്നു ചോദിച്ചു
"എന്താണ് തമ്പ്രനേ
ചോല്ലേണ്ടത്?"
"നാടിന്റെ പുഴ കടക്കനിന്ന് പാലമില്ല
പെണ്ണിന്റെ ചോര വീണലേ പാലം ഉറയ്ക്കൂ
തന്റെ ഭാര്യയെ കുരുതിയ്ക്ക് നൽകയാൽ
പാലം ഉറയ്ക്കും നിശ്ചയം"
അച്ഛൻ ഞെട്ടിവിറച്ചെഴുന്നെറ്റ്
അമ്മതൻ മുഖത്തേക്ക് നോക്കി നിന്നു
അമ്മതൻ കണ്ണിൽ നിന്നും
കണ്ണുനീർത്തുള്ളികൾ ഒഴുകുകയായ്
പറ്റില്ലയെന്നച്ഛൻ പറയാൻ ആരാഞ്ഞപ്പോൾ
അമ്മ തടയാൻ വന്നതെന്തിനാവോ?
"പാടില്ല നാഥാ എതിർ വാക്കു പാടില്ല നമ്മൾ
തമ്പ്രന്റെ വാക്കുകൾ ശ്രുവിച്ചീടുക നമ്മൾ"
അച്ഛന്റെ കണ്ണിൽ നിന്നും
ഒഴുകുന്ന കണ്ണീർ തൻ
കാരണമെന്തെന്ന് ഞാൻതിരക്കി
"എന്തിനാണച്ഛൻ കരയുന്നത്
ഇന്നമ്മയെന്തേലും
തെറ്റു പറഞ്ഞു പോയോ

എന്നമ്മയെകാണാൻ ഇല്ലിവിടെ"

"വേദനയോടച്ഛൻ ചൊല്ലിയെന്നോട്

അമ്മയോരു തെറ്റു പറഞ്ഞതല്ല

അമ്മ പോയെന്റെ കൺമണീ

നമ്മളെ വിട്ടമ്മ പൊയ് മറഞ്ഞു

ദൈവത്തിൽ വിധിയെ വെല്ലുവിളി

ക്കാനും ദുരാചാരത്തെ

എതിർത്തു നിൽക്കാനും

കഴിയില്ല ഓമല നമ്മളാർക്കും."

# പുതുമഴ

___ ദേവന സജിത്ത്

മലങ്കാടിനുള്ളിൽ.......
മരങ്ങൾക്കു മേലെ
മഴക്കാലമേഘം നിരന്നു
മനസ്സിന്റെയുള്ളിൽ
മദം വിങ്ങി നിൽക്കും

മയിൽപ്പൂവനാടിത്തിമിർത്തു....
മണൽക്കാടിനുള്ളിൽ
മയങ്ങിക്കിടക്കും
മതുപ്പച്ചകോരിത്തരിച്ചു
മണിച്ചെപ്പിനുള്ളിൽ
മരന്ദം വഹിക്കും

മലർപ്പോള കൺകൾ തുറന്നു
മണ്ണിന്റെ പുണ്യം
മണപ്പിച്ചു കൊണ്ടേ....
മഴത്തുള്ളികൾ പെയ്തുവീണു....

# വീണ്ടും എത്തും

_ അനശ്വര

മരണം സംഭവിക്കാത്ത വീട്ടിൽ നിന്ന്
മരണ സങ്കടത്തോടെ കണ്ണീരിൽ നിന്ന്
ഉതിർന്നു വീഴുന്ന ഓരോ കണ്ണീരും...
ഇതിഹാസ നായകനെ ഓർത്ത് ഇടം-
കാലിൽ മാന്ത്രികം നീർത്ത സിംഹത്തേയോർത്ത്
ലോകത്തെ കൈക്കുള്ളിലാക്കിയ ആ നായകന്
ലോകകപ്പ് വണങ്ങാതെ പോകുന്ന നിമിഷ-
ങ്ങളിൽ മരണവീടുപോലെ കണ്ണുകൾ
നിറയുന്നു ഈ ആരാധികയിൽ.........
ദിന എന്ന സഹോദരനെ നഷ്ട-
മാകുന്ന മെസ്സി എന്ന നായകനു വേണ്ടി
വിശ്വം മൊത്തം കീടെ നിൽകികുമ്പോൾ
വിധിയെന്ന ഒറ്റ വിപത്ത് ഇതിഹാസത്തെ
തന്നെ ലോകകപ്പിനു മുന്നിൽ മെസ്സിയെന്നു
പേരെഴുതി ചരിത്രം തിരുത്തിയെഴുതാൻ
ഇതിഹാസ നായകൻ എത്തും...

ഈശ്വരൻ കഴിവുകൾ കൊടുത്താൽ അവസരങ്ങളും
കൊടുക്കും അവസരം ദുരുപയോഗിഘാൽ
കഴിവുതന്നെ ഇല്ലതാകാം......
അവസരം ഉപയോഗിച്ച് കഴിവു തെളിയിക്കാൻ
പറ്റിയില്ലെങ്കിൽ അത് വിധിയുടെ വിളയാട്ടം.
എന്നാലും വയസ്സകന്നക്കെട്ടുക്കാതെ വിധിയെ കൈകുടക്കി
ചുഴലികാറ്റുപോലെ പറന്ന പൊങ്ങാൻ മലയാ-
ളിയിടെ നായകൻ പരിത്രത്തെ മാറ്റിയെഴു-
താൻ ഉറപ്പായും വീണ്ടും എത്തും
നരിപോലെ..............
ഇത് വികാരമല്ല ജനിച്ചപ്പോൾ തന്നെ
മനസ്സിൽ വിരിഞ്ഞ വികാരമാണ് മെസ്സി......

# പൂമ്പാറ്റ

_ഗായത്രി

വർണ്ണ ചിറകു വിരിച്ച പാറിനടക്കു പൂമ്പാറ്റ
പൂമ്പോടി തിന്നും പൂമ്പറ്റ, പൂന്തേനുണ്ണും പൂമ്പാറ്റ
പൂക്കലം വന്നാൽ പൂമ്പാറ്റകൾ കെന്നും ആഘോഷം
പുള്ളിചിറകാൽ തിളങ്ങും പൂമ്പാറ്റ
പറികളിക്കും പൂമ്പാറ്റ
പൂക്കളിനിന്നു പുകളിളെ പറി നടക്കും പൂമ്പാറ്റ
വർണങ്ങളാൽ തിളങ്ങു പൂമ്പാറ്റ



# ലഹരി

മേരി

ആത്മാവിനെ എരിക്കുന്ന തീയാണ് ലഹരി

കുടുംബത്തെ തകർക്കുന്ന ശ്കതിയാണ് ലഹരി

ആന്തരവയവങ്ങളെ നിർജീവമാക്കുന്ന ജ്വാലയാണ് ലഹരി

യുവത്വത്തെ തകർക്കുന്ന ചതിയാണ് ലഹരി

സുഖിപ്പിച്ച് കൊല്ലുന്ന കൊലയാളി ലഹരി

പൊരുതിടാം കൈകോർത്തിടാം ഈ തിന്മയ്ക്കെതിരേ

-

# ഉഴപ്പിന്റെ ഫലം

കഥ

_ അലീന വിനോയി

ഒരു ഗ്രാമത്തിൽ മിന്നു എന്ന ഒരു പെൺക്കുട്ടി താമസിച്ചിരിന്നു. അവൾക്ക് അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളു. അച്ഛൻ മരിച്ചു അതുകൊണ്ട് അവർ പട്ടിണിയിലാണ് കഴിഞ്ഞിരുന്നത്. അവാളുടെ അമ്മ കുലിപ്പണിയെടുത്താണ് അവളെ വളർത്തിയതും പഠിപ്പിച്ചതും. എന്നാലും അവൾ മിടുമിടുക്കിയായി പഠിച്ചു. ക്ലാസിലെ അധ്യാപകർ ക്കെല്ലാം അവളെ വലിയ ഇഷ്ടമായിരുന്നു. ഓണപരീക്ഷയുടെ കാലമായി അമ്മ പറഞ്ഞു: "മോളെ പോയിരുന്ന് പഠിക്ക്" ഇത് കേട്ട് മിന്നു പഠിക്കാനാരംഭിച്ചു. പഠിത്തത്തിനിടയിൽ അവൾ അമ്മ യോട് ചോദിച്ചു: “അമ്മേ ഓണപരീക്ഷയിൽ ഞാൻ നല്ല മാർക്ക് വാങ്ങിയാൽ അമ്മ എനിക്ക് എന്തു വാങ്ങിത്തരും”. മോളെ നീ എന്താണി പറയുന്നത്. "അമ്മേ ഒന്നു വാങ്ങിത്താ... അമ്മേ!”ഉം, ശരി വാങ്ങിത്തരാം. എന്താണ് വങ്ങിത്തരേണ്ടത്? അമ്മ ചോദച്ചു എനിക്കൊരു മൊബൈൽ വാങ്ങി തരുമോ. മിന്നു ചോദിച്ചു, ഉം നോക്കട്ടെ നീ ആദ്യം പോയിരുന്ന് പഠിക്ക്. കെട്ടോ! പരീക്ഷയിൽ നല്ല മാർക്ക് വാങ്ങണം കേട്ടല്ലോ, അമ്മ പറഞ്ഞു. അവൾ പഠിക്കാനായിരുന്നെങ്കിലും മൊബൈൽ വാങ്ങുന്ന കാര്യത്തിൽ അവളുടെ ചിന്ത പോയി. ഓണപരീക്ഷ കഴിഞ്ഞു. അവൾക്ക് തിരെ മാർക്ക് കുറവായിരുന്നു. അവളുടെ അമ്മയ്ക്ക് വളരെ സങ്കടമായി. അധ്യാപകർ വിവര മറിഞ്ഞ് അവളുടെ അമ്മയോട് ചോദിച്ചു. അമ്മ കാര്യമെല്ലാം പറഞ്ഞു. അവർ മിന്നുവിനെ വിളിച്ചു വഴക്ക് പറഞ്ഞു. അവൾ വിട്ടിൽ വന്നു. മിന്നു അമ്മയോട് ക്ഷമ ചോദിച്ച് പഠിക്കാനായി ഇരുന്നു.

# മാന്ത്രികക്കണ്ണാടി

_ ശ്രേയ സതീഷ്

പണ്ട് പണ്ട് ഒരു കാട്ടിൽ കുറെ മൃഗങ്ങൾ താമസിച്ചിരുന്നു. ശക്തനായ ഒരു സിംഹമായിരുന്നു അവരുടെ രാജാവ്. സിംഹരാജാവിനെ എല്ലാവർക്കും വഴരെ സ്നേഹവും ബഹുമാനവുമായിരുന്നു. അങ്ങനെയിരിക്കെ സന്തോഷത്തോടെ ജീവിച്ച മൃഗങ്ങളുടെ ഇടയിലേക്ക് ചതിയന്നിം വഞ്ചകനുമായ ഒരു കരടി വന്ന് എത്തി. പുതുതായി വന്ന കാരടിയെ എല്ലാവരും സൂക്ഷച്ച് നോക്കി. കരടിയാണെങ്കിൽയാതോരു കൂസലുമില്ലാതെ സിംഹരാജാവിന്റെ ഗുഹയിൽ കയറി. ഇതു കണ്ടമൃഗങ്ങൾ കരടിയെ ഭീഷണിപ്പെടുത്തി. നിനക്ക് ഈ ധൈര്യം എവിടുന്നുകിട്ടി. നമ്മുടെ രാജാവ് തീറ്റതേടിപ്പോയത് നിന്റെ ഭാഗ്യം, അല്ലായിരുന്നെങ്കിൽ ഇപ്പോൾ നിന്റെ കഥ കഴിഞ്ഞനെ.ബഹളം കേട്ട് കരടി ഗുഹക്ക് പുറത്ത് വന്നു.ഇതു നിങ്ങളുടെ രാജാവിന്റെ ഗുഹയാണെന്നുംഅവൻ പുറത്ത് പോയിരിക്കുകയാണെന്നും അറിഞ്ഞുകൊണ്ടു തന്നെയാണ് ഞാൻ ഈ ഗുഹയിൽ കയറിയത്. ധിക്കാരി, നമ്മുടെ കാട്ടിൽ വന്ന് ഞങ്ങളുടെ രാജാവിനെ പുഛരിക്കുന്നോ. ഇപ്പോൾ തന്നെ ഇവിടെ നിന്ന് പോയ്യ്കൊള്ളണം അല്ലങ്കിൽ നിന്റെ പോടിപോലും കാണില്ല. എന്നോട് പ്രസംഗിക്കുന്നോ. ഇന്നു മുതൽ ഞാനാണ് ഈ കാട്ടിലെ രാജാവ്. എന്നെ അനുസരിച്ച് കഴിഞ്ഞാൽ എല്ലാവർക്കും നല്ലത്. ഇതു കേട്ട മൃഗങ്ങൾ അന്തംവിട്ടുനിന്നു. അപ്പോഴെക്കും തീറ്റതേടിപ്പോയ സിംഹം കോപം കൊണ്ട് അലറി, "ജീവൻ വേണമെങ്കിൽ ഗുഹയുടെ മുന്നിൽ നിന്ന് മാറിനിൽക്ക്". "മിണ്ടരുത്, ഇനിമുതൽ ഞാനാണ് ഈ കാട്ടിന്റെ രാജാവ്". "ഇത് എന്റെ ഗുഹയാണ്". "നിൽക്ക് ഇതു കണ്ടോ ഇതാണ് ണാന്ത്രിക പലക എന്നെ എതിർക്കാൻ വരുന്നവരെയെല്ലാം,ഞാൻ ഇതിൽ പൂട്ടിയിടും

വിശ്വാസമില്ലെങ്കിൽ ഇതിനകത്ത് നോക്ക്". "ഇത് ഞാൻ എന്റെ കാട്ടിൽ നിന്ന് പിടിച്ച് സിംഹമാണ്". "എന്നെ എതിർക്കാൻ വന്ന എല്ലാവരെയും ഞാൻ ഇതിൽ പൂട്ടിയിട്ടും". അവർ എല്ലാവരും ആദ്യമായാണ് കണ്ണാടികാണുന്നത് അതുകൊണ്ട് ആർക്കും മനസ്സിലായില്ല. കരടിക്ക് തന്റെ സൂത്രം ഫലിച്ചെന്ന് മനസ്സിലായി.ഇനി ഞാൻ പറയുന്നത് അനുസരിച്ചില്ലെങ്കിൽ. "ഞാൻ നിങ്ങളെ ഇതിൽ പൂട്ടിയിടും". മൃഗങ്ങൾ മറ്റൊരു വഴിയുമില്ലാതെ കരടിയെ തന്നെ രാജാവാക്കാൻ തീരുമാനിച്ചു. അടുത്ത ദിവസം രാവിലെ തന്നെ കരടി പുതിയ കല്പനപുറപ്പെടുവിച്ചു. " ഇനി എനിക്കുള്ള ഭക്ഷണം ഒരോരുത്തരായി കൊണ്ടുവരണം"."അതു തെറ്റിച്ചാൽ എന്റെ വിധം മാറും".ഇത്രയും പറഞ്ഞ് കരടി ഗുഹയിലേക്ക് മടങ്ങി. മൃഗങ്ങളെല്ലാം നിരാശരായി. അങ്ങനെ ദിവസം കടന്നുപോയി. കാടി സുഖിച്ചുജീവിച്ചു. മൃഗങ്ങളുടെ സന്തോഷവും സമാധാനവും എല്ലാം നഷ്ടപ്പെട്ടു. ഒരു ദിവസം കരടിക്കുഭക്ഷണംകൊടുക്കാൻ കുട്ടികുരങ്ങന്റെ ഊഴം വന്നെത്തി. അവൻ കുറച്ച് പഴങ്ങളുമായി കരടിയുടെ ഗുഹയിലേക്ക് വന്നു. കരടി ആ സമയത്ത് കാട് ചുറ്റിനടന്ന് കണ്ടു. അപ്പോൾ അതാ കരടിയുടെ സഞ്ചി.അവൻ അതിനകത്തുള്ള സാധനം എടുത്തു നോക്കി. അതിൽ കിടന്ന കണ്ണാടി അവൻ പേടിയോടെ എടുത്തു. തന്റെ പ്രതിബിംബം കണ്ട് അവൻ അത്ഭുതമായി. അവൻ കാര്യം മനസ്സിലായി അവൻ ഓടി മൃഗങ്ങളോട് വിവരം പറഞ്ഞു. അവർക്ക് കാര്യം മനസ്സിലായി.അങ്ങനെ കരടിയുടെ ചതി എല്ലാ വർക്കും മനസ്സിലായി. മൃഗങ്ങൾ എല്ലാവരും ഉടൻ തന്നെ കരടിയുടെ ഗുഹയിലേക്ക് പോയി. അപ്പോഴേക്കും കരടി ഗുഹയിൽ എത്തിയിരുന്നു. എടാ ചതിയാ നീ ഞങ്ങളെ ചതിക്കുകയായിരുന്നല്ലേ. നിന്റെ ഒരു മാന്ത്രിക പലക. അവന്റെ ഒരു പലക. തന്റെ സൂത്രം പൊളിഞ്ഞെന്നു മനസ്സിലായി. ഇനി ഇവിടെ നിന്നാൽ ജീവൻ പോകും. കരടി ഓടാൻ തുടങ്ങിയപ്പോടെക്കും മൃഗഴളെല്ലാം കരടിയുടെ ദേഹത്തേക്ക് ചാടിക്കയറി. കരടിയുടെ കള്ളത്തരം കണ്ടുപിടിച്ച കുട്ടികുരങ്ങനെ എല്ലാ വരും അഭിനന്ദിച്ചു.

## ഒരു യാത്ര

_ അനവദ്യ

ഒരു അവധികാലം ഞാനും എന്റെ പ്രിയപ്പെട്ട കൂട്ടുകാരും മാതാപിതാക്കളും എല്ലാവരും ഒരുമിച്ച് കേരളത്തിലെ തന്നെ ഏറ്റവും മനോഹരമായ പ്രകൃതി രമണീയമായ ആതിരപ്പള്ളി വെള്ളച്ചാട്ടത്തിലേക്ക് ഞങ്ങൾ യാത്ര ആരംഭിച്ചു.
യാത്രക്കിടയിൽ റോഡിന്റെ ഇരുവശങ്ങളിലും വലിയ കുറ്റൻ മരങ്ങളും ഔഷധസസ്യങ്ങൾ കണ്ടു.ആതിരപ്പള്ളി വെള്ളച്ചാട്ടത്തിന്റെ അടുത്ത് എത്തും തോറും കൂടുതൽ ഭംഗി തോന്നി.അവിടെനിന്ന് ഫോട്ടോ എടുക്കുകയും വെള്ളത്തിലെറങ്ങി കളിക്കുകയും ചെയ്തു. ആ ദിവസം എല്ലാവർക്കും സന്തോഷമുണ്ടയിരുന്നു. പക്ഷികളുടെ ശബ്ദവും വെള്ളത്തിന്റെ ശബ്ദവും മുഖരിതമായിരുന്നു. മണിക്കൂറുകൾ ചെലവഴിച്ചെങ്കിലും തിരിച്ചുവരാൻ മനസ്സില്ലായിരുന്നു. അത്രയും ആനന്ദം പകർന്ന അനുഭവമായിരുന്നു. ആ യാത്ര ഞാൻ ഒരിക്കലും മറക്കില്ല.


By Ajith K.M IXc

# പരിസ്ഥിതിനാശം വഴി വന്നുപേരുന്ന ദുരന്തങ്ങൾ

_ അഹല്യ .എം

മനുഷ്യരുടെ പ്രവൃത്തികാരണം ഇന്ന് നമ്മുടെ ഭൂമി ഇല്ലാതായികൊണ്ടരിക്കുകയാണ്. തന്റെ അത്യാർത്തിക്ക് വേണ്ടി മനുഷ്യൻ പരിസ്ഥിതിയെ നശിപ്പിക്കുന്നു. പണ്ടൊക്കെ കാടായിനിറഞ്ഞിരുന്നിടങ്ങളെല്ലാം ഇന്ന് കാടിന്റെ ഓർമയ്ക്ക് എന്ന പോലെ നാലഞ്ചുമരങ്ങൾ മാത്രം നമ്മുക്ക് കാണാം. കാടിന് തീയിട്ടും മരങ്ങൾ മുറിച്ചും അങ്ങനെ കാടുകളൊക്കെ മരുഭൂമിത്തീർന്നിരിക്കുന്നു.

പലയന്ത്രങ്ങളും ഇന്ന് കുന്നുകളിടിക്കുകയും പാറപ്പൊട്ടിക്കുകയും ചെയ്യുന്നു. ഇങ്ങലെ വനനശീകരണം, കുന്നിടിക്കൽ, പാറപ്പൊട്ടിക്കൽ, മണൽവാരൽ തുടങ്ങിയ ദുഷ്ടപ്രവൃത്തികൾ തമ്മുടെ പരിസ്ഥിതിയുടെ ഘടനയെത്തന്നെ മാറ്റിയിരിക്കുന്നു.

പുഴകളെല്ലാം ഇന്ന് വെറും നീർച്ചാലുകളായിത്തിർന്നിരിക്കുന്നു. പ്ലാസ്റ്റിക്കുകൾ നിക്ഷേപിച്ചും മണൽവാരിയും നമ്മുടെ പുഴയെല്ലാം ഇന്ന് ജഡം പോലെയാണ്.

ഇതൊക്കെക്കരണം കലം തെറ്റിപ്പെയ്യുന്ന മഴയും കൊടുച്ചൂടും നമ്മുടെ ജീവന് തന്നെ ഭിഷിണിയായിത്തീർണിരിക്കുന്നു.
പ്രകൃതിക്കുമേലുള്ള കടന്നുകയറ്റം അനിയന്ത്രതമായതോടെ പ്രകൃതിയുടെ സ്വാഭാവികതാളം തെറ്റി.അതിന്റെ ഫലമായി പലസസ്യജന്തുജാലങ്ങളും ഭൂമുഖത്തുനിന്നുതന്നെ അപ്രത്യക്ഷമായിരിക്കുന്നു.

ഇനിയെങ്കിലും പ്രകൃതിയെ ഉപദ്രവിക്കാതെ സംരക്ഷിച്ചുകൊണ്ട് ഒറ്റക്കെട്ടായി നമ്മുക്ക് മുന്നേറാം.

# ഒരു തലയണ കഥ

_ കീർത്തന

സുന്ദരപുരം എന്ന ഗ്രാമത്തിൽ ഒരു  അമ്മയും മകനും താമസിച്ചിരുന്നു. അമ്മ കൂലിപ്പണിയെടുത്ത് മകനെ പഠിപ്പിരുന്നു. കുറേ വർഷങ്ങൾക്കു ശേഷം അവന് ജോലി കിട്ടി. വിവാഹം കഴിച്ചു. ചിലവുകൾ കൂടി ഭാര്യ പറഞ്ഞു. ആറ്റുകാൽ അമ്മയുടെ ക്ഷേതിരത്തിൽ അമ്മയെ നമ്മുക്ക് ഉപേഷിക്കാം. അവൻ അങ്ങനെ  ചെയ്ത് വിദേശത്തേക്ക് പോയി. വർഷങ്ങൾക്കു ശേഷം ഭാര്യ അവനോട് പറഞ്ഞു. അമ്മ ചാകാറായില്ലേ, അമ്മയുടെ സ്വത്തും പണവും കാലശേഷം നമ്മുക്കായിരിക്കും നിങ്ങൾ വേഗം നാട്ടിലേക്ക് പെയ്ക്കോളൂ. അവൻ അമ്മയുടെ അടുത്തെത്തി. അമ്മപറഞ്ഞു ഞാൻ ഇന്നോ, നാളയോ മരിക്കും. മരിച്ച കഴിഞ്ഞാൽ എന്റെ തലയണക്കൂടി കത്തിക്കണം. അമ്മ പിറ്റേന്ന് തന്നെ മരിച്ചു. അവൻ തലയണ കത്തിച്ചു. അതിലാണ് അമ്മയുടെ സ്വത്തും, പണവും എന്നെല്ലാം അവന് അവസാനമാണ് മനസ്സിലായത്



## മതേതരത്വം

_ ദിൽന മാത്യു

ഇന്ന് ഈ ലോകത്ത് ജീവിക്കുന്നവർ എല്ലാം മതത്തിനു പുറകേ പോകുന്നവരാണ്. ദൈവം സ്നേഹമാണ് എന്നാൽ ആ സ്നേഹത്തിന്റെ പുറകേയാണോ മനുഷ്യർ പോകുന്നത് എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു.

ഭാരതത്തിൽ മതേതരത്വം ഇല്ല. എല്ലാ മതക്കാരേയും ഒന്നായി ആണ് കാണുന്നത് എന്നൊക്കേ പറയുമെങ്കിലും അത് സത്യമല്ല എന്ന കാര്യം നാം എടുത്തുനോക്കിയാൽ മനസ്സലാവും. എന്തൊക്കെ അനിതിയാണ് . എത്ര പേരെയാണ് മതത്തിന്റെ പേര് പറഞ്ഞ് കൊല്ലുന്നത്. ദൈവം എല്ലാവരെയും കൊല്ലുവാൻ അല്ല പറഞ്ഞിരിക്കുന്നത്, മറിച്ച് സ്നേഹിക്കുവാൻ വേണ്ടിയാണ്. സത്യത്തിൽ നോക്കുകയാണെങ്കിൽ മനുഷ്യരാണ് മതങ്ങളെ സൃഷ്ട്ടിച്ചത് സ്നേഹവും കരുണയും എവിടെയുണ്ടോ അവിടെ ദൈവവും ഉണ്ട്. ദൈവം നല്ല കാര്യം ചെയ്യുവാനാണ് മനുഷ്യരേ പ്രേരിപ്പിക്കുന്നത്.

മതങ്ങൾ മനുഷ്യർക്കുള്ളത് നല്ലത് തന്നെയാണ്. എന്നാൽ അത് ആവശ്യത്തിന് വിനിയോഗിക്കണം. മറ്റുള്ളവർക്ക് ഇത് ഉപദ്രവം ഉണ്ടാക്കുന്നുണ്ടോ എന്ന് നാം ശ്രേദ്ധിക്കണം.പണ്ട് ധാരാളം ദുരാചാരങ്ങൾ നടന്നിരുന്നു. മേളിൽ ഉള്ളവർ കീഴിൽ ഉള്ളവർ എന്നൊക്കെ തരംതിരിച്ചിരുന്നു. എന്നാൽ സത്യത്തിൽ ഇത് മണ്ടത്തരമാണ്. ദൈവം എല്ലാവരെയും ഒരുപോലെയാണ് സൃഷ്ടിച്ചിരിക്കുന്നത്. അല്ലാഹുവും, ക്രിസ്തുവും, ശിവനുമെല്ലാം സത്യത്തിനും നീതിക്കും വേണ്ടി പോരാടിയവരാണ്. ആ മാർഗ്ഗത്തിൽ മുന്നേറാൻ മനുഷ്യന് കഴിയണം. മതത്തിനു വേണ്ടി അടികൂടാതെ എല്ലാവരും ഒറ്റക്കെട്ടായി നിന്നാൽ ഭൂമിതന്നെ ഒരു സ്വർഗ്ഗമായി തീരും. അവിടെ ദൈവമുണ്ട് ദൈവംഎന്താണ് എന്ന് ചോദിച്ചാൽ ഒരു ഒറ്റഉത്തരമേ ഒള്ളൂ അത് 'നീതി'യാണ്. എല്ലാമതങ്ങളും ഒന്നായി കാണുന്നത് എവിടെയാണോ അവിടെ മതേതരത്വമുണ്ട്. എല്ലമതങ്ങളും ഒന്നായി ചെർന്ന് ഒരുമ്മയോടെ മുന്നേറാൻ നമുക്ക് പ്രാർത്ഥിക്കാം. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്. മനുഷ്യൻ ഒറ്റക്കെട്ടായി മുന്നേറട്ടെ. മതമെന്ന ഭ്രാന്ത് മാറ്റിവെച്ച് മതമെന്ന കരുണയെ മനുഷ്യന് കാണാൻ സാധിക്കട്ടെ. ഓരോ മനുഷ്യനും നീതി പൂർവ്വം മതങ്ങളെ ബഹുമാനിക്കട്ടെ.

# പൗഹൻറിയിലെ പെൺകുട്ടി

_ നിവേദ് പുതിയവീട്ടിൽ

മുപ്പത്തിരണ്ട് വർഷങ്ങൾ.

നീണ്ട മുപ്പത്തിരണ്ട് വർഷങ്ങൾ.

അതെയോ, ഇത് തുടർച്ചയായിരുന്നുവോ?. ഈ സൈനികവർഷങ്ങളിൽ എത്ര മണിക്കൂർ ഉറങ്ങിയിരിക്കുന്നു. എത്ര മണിക്കൂർ വെറുതെ ചിലവിട്ടിരിക്കുന്നു. എന്നിട്ടും എന്തെ താൻ നീണ്ട മുപ്പത്തിരണ്ട് വർഷങ്ങൾ എന്ന് ചിന്തിച്ചു?. അതെ അതങ്ങിനെയാണ് തന്റെ നീണ്ട മുപ്പത്തിരണ്ട് വർഷങ്ങൾ.

രാമനാഥൻ പെട്ടെന്നെഴുന്നേറ്റ് സെന്റർഹാളിലേക്ക് നടന്നു. കൂജയിൽനിന്ന് തണുത്തവെള്ളം തൊണ്ടയിലൂടെ ഇറങ്ങിയപ്പോൾ എന്തൊ അവളുടെ ഓർമകൾ അയാളുടെ മനസ്സിനെ പിടിച്ചുതച്ചു. എല്ലാം ഓർമയുണ്ട് അവളുടെ മുഖം, ആ ചിരി......... എന്നിട്ടും പേര് ഓർത്തെടുക്കാൻ എന്തെ കഴിയുന്നില്ല. ഒരു പേരിൽ എന്തിരിക്കുന്നു എന്ന് മനസ്സിനെ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോഴും ആ പേര് ഓർത്തെടുക്കാൻ കഴിയാത്തത് എത്ര ദുഃഖമാമ്. ഈ എഴുപത്തിയഞ്ചാം വയസ്സിൽ എന്തെ അവളുടെ ഓർമ പെട്ടെന്ന് കടന്നുകൂടി, അറിഞ്ഞൂടാ. "രാമൻസാറെ, ഞാനിറങ്ങുന്നു. ഉച്ചയ്ക്കുള്ളത് ഊണുറില്വച്ചിട്ടൊണ്ട്."

സിനിയാണ്, വേലക്കാരി റാണിയുള്ളപ്പോൾ എല്ലാം. പക്ഷെ പതിനൊന്ന് വർഷം മുൻപ് കക്യാൻസറിന്റെ കറുത്ത കരങ്ങൾ അവളെ വാരിപ്പുണരിമ്പോൾ അവളെ്താ പറഞ്ഞത്......? ആ, 'രാമേട്ടൻ ഇനിയും സന്തോഷത്തോടെ ജീവിക്കണം. ല്ലാം ഞാൻ മോളിന്ന് കാണണ്ന്ത്.' പിന്നീട് മകൾ അരുണ കാഡയ്ക്ക് വരാൻ നിർബന്ധിച്ചപ്പോഴും, പോവാതെ ഇവിടെ നിക്കുവാൻ പ്രേരിപ്പിച്ചത് ഈ ഗ്രാമഭംഗി മാത്രമായിരുന്നില്ല.റാണിയുടെ നിറഞ്ഞ ഓർമകൂടിയായിരുന്നു.

ഇരുപത്തിമൂന്നാം വയസ്സിൽ അമ്മയോട് പിണങ്ങിയ താൻ ഡൽഹിയിലേക്ക് വണ്ടികയറി. അവിടെ പണ്ടത്തെ പട്ടളസ്വപ്നം വീണ്ടും ഉടലെടുത്തു. ഉടൻതന്നെ ഡൽഹിയില്ലെ പട്ടാള സെലക്ഷൻ കമ്മിറ്റിയിലേക്ക്. അവിടുന്ന് ഭൂട്ടാൻ. ഇന്ത്യ അതിർത്തിയായ സിക്കിമ്മിലെ പൗഹൻറിയിലേക്ക് ജോയിക്ക്. ഇരുപത്തിനാലാം വയസ്സിൽ BSF ജവാനയിട്ട് അതിർത്തി കാത്തു, പിന്നീട് പതിയെപ്പതിയെ ഉയർച്ചയിലേക്ക്. ഇരുപത്തിയൊൻപതാം വയസ്സിൽ റാണിയെ വിവാഹം ചെയ്തു. ഒടുൽ മുപ്പത്തിരണ്ട്

വർഷങ്ങൾക്കുശേഷം, തന്റെ അമ്പത്തിയഞ്ചാം വയസ്സിൽ കേണലായിട്ട് താൻ 'നീണ്ട' സേവനവർഷത്തെ ഇങ്ങനെ. എന്നാൽ ശരിക്കും ഇതാണോ, ഇനിയും, അതിനിടയിൽ,അമ്മയുടെ മരണം. അരുണയുടെ ജനനം , കരസേനാമേധാവിയുടെ ധീര അഭിനന്ദനം, മികച്ചസൈനികനുള്ള പുരസ്കാരം,സിക്കിമ്മിലെ പൗഹ്ഉൻറിയിലെ ആ മിടുക്കി പെൺകുട്ടി...... പിന്നെ പലതും അതെ, അവൾ, അവളുടെ പേരെന്തായിരുന്നു... ശ്ശെ....... ഇത്ര അടുത്തിടപെഴികിയ, ആ മിടുക്കിയുടെ പേരെന്തായിരിന്നു?

അവൾ.........

പൗഹ്ഉൻറിയിൽ സൈനികർക്കുള്ള സ്വികരണവേളയിൽ ഭ്രട്ടിയ ഡാൻസ് (സിക്കിമ്മിലെ പതിയെ കളിക്കുന്ന ഒരു പ്രത്യേക ഡാൻസ് രൂപം) കളിച്ചവരുടെ കൂട്ടത്തിൽ..... പുഞ്ചിരിച്ച മുഖവുമായ്, അതെ അന്ന് താനാവളോട് പറഞ്ഞത് എന്തായിരുന്നു?

ആ......
“ഡാൻസ് കൊള്ളാം"
“ഡ്രുഞ്ചോക്ക്”

അവൾ തനിക്ക് മറുപടി നൽകിയത് നേപ്പാളിയിലാവിരുന്നു അല്ലെ? അപ്പോയൾ അടുത്തുനിന്ന ഗുജറാത്തിക്കാരൻ ചിരിച്ചത്, എല്ലാം... എല്ലാം ഓർമയുണ്ട്, പക്ഷെ അവളുടെ പേര്....... അസ്തമസമയത്ത്,ആ ചുവന്ന വെളിച്ചത്തിൽ ്വൾ പറഞ്ഞ ആ പേര്........?.

പൗഹ്ഉൻറിയിലെ ജനങ്ങൾക്ക് വലിയ ഒരു ആശ്വാസമായിരുന്നു, അവിടെ സൈനികക്യാമ്പ് തുടങ്ങിയത്!. മാപ്പുകളിൽ ചൈനയുടെ ഭാഗമാണെങ്കിലും, ശരിക്കും ഇന്ത്യയിലെ ഭാഗമാമ്. ഈ അവസരം മുതലെടുത്ത് ചൈന നിരന്തരം പൗഹ്ഉൻറിയിലെ ജനങ്ങളെ കഷ്ട്പ്പെട്ടടുത്തുകയായിരുന്നു. കൂട്ടത്തിൽ മിടുക്കി എന്നുതോന്നിച്ച ആ പെൺകുട്ടി ഇടയ്ക്കിടെ 'തുക്പ' എന്ന ഒരുതരം,! പിന്നീട് ഒരു ദിനം സീക്കിമ്മുകാർക്ക് ഇംഗ്ലീഷ് കുറച്ചറിയാം, എന്നറിഞ്ഞപ്പോൾ ഓടിച്ചെന്ന് സംസാരിച്ചത്:

"കാൻ  സ്പീക്ക് ഇൻ ഇംഗ്ലീഷ് "
“മാ അലി അലി ആങ്ഗ്‌റീജി ബോൽച്ച്”അത് അവൾ തർജജിമചെയ്യുപ്പോൾ, താനനുഭവിച്ച ആഹ്ലദം . അത് എന്തിനായിരുന്നു......... അതും അറിയില്ല.

രാമനാൻ ഒരിക്കൽക്കൂടി കൂജയിൽ നിന്ന് വെള്ളം കുടിച്ചു.

പതിലെനേഴവയസ്സുള്ള ആ മ്ട്ടക്കി എന്നാണ് ഡ്രുഞ്ചോക്ക്-എന്താ
മാ അലി അലി ആങ്ങറീജി ബോൽച്ച- ഞാൻ കുറച്ച് ഇംഗ്ലീഷ് സംസാരിക്കും തന്നോട്

ജീവിതം വിവരിച്ചത്

BSF ജവാനായിരിരുന്ന അച്ഛൻ ചൈനിസ് പട്ടാളക്കാരുടെ വെടിയെറ്റ് മരിച്ചതിനുശേഷം കുടുംബം നോക്കുന്നത് അവളാണ് മരിച്ചതിനിശേഷം കുംടുംബം നോക്കുന്നത് അവളാണ് എന്നറിഞ്ഞപ്പോൾ തന്റെ കൈ അറിയാതെ പോക്കറ്റിൽ ചെന്നത്........എല്ലാം ഓർമയുണ്ട്,..............

ഇരുപത്തിയൊൻപതാം വയസ്സിൽ സിക്കിം അതിർത്തയുടെ തലനായ് നിൽക്കുമ്പോൾ അവൾ വന്ന് പറഞ്ഞത്..,

'ഹാപ്പി ദൊറാവിഡ് ലൈഫ് '.അന്നൊക്കെ കുറച്ചേകാണാറുണ്ടായിരുന്നു. അല്ലേ........... അതും ഓർമ യുണ്ട്. അന്ന് കല്യാണക്കാര്യം എങ്ങനറിഞ്ഞ എന്ന് ചോദിച്ചില്ല. മകൾ ക്ക് നല്ലൊരു പേര് പറഞ്ഞുത ന്നി രുന്ന അവശ് അല്ലെ ...... അതും ഓർമയുണ്ട് ഭാവ. എന്നിട്ടും അവളുടെ പേര്.....

രണ്ടുവർഷത്തിനുശേഷം സ്ഥലം മാറ്റവും സ്ഥനക്കയറ്റവും കിട്ടിയപ്പോൾ വിടപറയാൻ നിന്നത,അപ്പോൾ അവൾ പറഞ്ഞത്..

'

വി വിൽ ആൾവെയ്സ് ബി എ ഗുഡ് ചൗപ്കിൻസ്!'

എല്ലാം ഓർമയുണ്ട്......എല്ലാം....പക്ഷേ അവളുടെ പേര് മാത്രം........

നീണ്ട മുപ്പത്തിരണ്ട് വർഷങ്ങൾ, ഓർത്തിരുന്ന ആ പേര് പെട്ടെന്ന് മറക്കുവാൻ എന്താണ്? അവളെക്കുറിച്ച് ഓർക്കുവാൻ എന്താണ്?.....

രാമനാഥന് പെട്ടെന്നെഴുന്നേറ്റ് ധൃതിയിൽ ഓഫീസ് റൂമിലക്ക് നടന്നു. ഷെൽഫിൽ നിന്ന് തിരഞ്ഞുപിടിച്ച് ഡയറികളെടുത്തു.ഓരോന്നും ആർത്തിയോടെ അയാൾ. എന്നാൽ, ഒന്നിൽപ്പോലും അവളുടെ പേരില്ല. അസ്തമയസമയത്ത് അവൾ നേപ്പാളികലർന്ന ഇംഗ്ലീഷിൽ പേരുപറഞ്ഞു എന്നുള്ളത് സത്യമാണ്. പക്ഷേ അതെന്തായിരുന്നു......?

“പൗഹൻറിയിലെ പെൺക്കുട്ടി നിന്റെ പേരെന്താണ്!”

# എന്റെ മുല്ലപ്പൂവ്

_ ജോഷിത



കാറ്റിന്റെ താളത്തിൽ
നൃത്തം ചവിട്ടുന്ന
പൂവിനെയാണെനിക്കിഷ്ടം
മുല്ലപ്പൂവിനെയാണെനിക്കിഷ്ടം

തൂവെള്ളരൂപത്തിൽ
ശോഭിതയായോരു
പൂവിനെയാണെനിക്കിഷ്ടം
മുല്ലപ്പൂവിനെയാണെനിക്കിഷ്ടം

നറുതേൻ നുകരുന്ന
തേനീച്ചനടുവിലും
പൂവിനെയാണെനിക്കിഷ്ടം
മുല്ലപ്പൂവിനെയാണെനിക്കിഷ്ടം

പൂമണം വഹിക്കുന്ന
കാറ്റിന്റെ തഴുകലിൽ
പൂവിനെയാണെനിക്കിഷ്ടം
മുല്ലപ്പൂവിനെയാണെനിക്കിഷ്ടം

നിറമുള്ള ശലഭങ്ങൾ
പാറിപ്പറന്നാലും
പൂവിനെയാണെനിക്കിഷ്ടം
മുല്ലപ്പൂവിനെയാണെനിക്കിഷ്ടം

പലതരം പൂക്കളെ
തോട്ടത്തിൽ കണ്ടാലും
പൂവിനെയാണെനിക്കിഷ്ടം
മുല്ലപ്പൂവിനെയാണെനിക്കിഷ്ടം



# പ്രളയത്തിലെ പ്രണയം

## ഒരുകിഴവന്റെ കാവ്യം

_ അനശ്വര സദാനന്ദൻ സി

പ്രിയതമേ നീ ഇന്നു കാണുക എൻമിഴി
നിറയുന്ന കവിയുന്നൊറവപോലെ
സിന്ദൂരച്ഛവിചൂടി ഇന്നു നിൻ ശകലങ്ങൾ
ഗംഗതൻ മാറിലൂടൊഴികിടുമ്പോൾ

അൻപത്തിനാലാം വർഷപിറപ്പിൽ നാ-
മൊരുമിച്ചാ മഴയൊന്നു നനഞ്ഞനേരം

ചൊന്നതല്ലേ എന്നോടു നീ സഖീ,
പിരിഞ്ഞിടില്ല നിൻ കളിതോഴിയെന്ന്
ഇന്നു നീ ഞെട്ടറ്റു വീണൊരാ ഇലപോലെ
അസ്ഥിയായി ഒഴുകുന്നു നിമത്തിലൂടെ
പ്രണയശൂന്യയായി ദൂരേക്ക് നീങ്ങുമ്പോൾ
മായിച്ചിടല്ലേ സഖി ഞാൻ തന്നചുംബനം
തുളസികതിർപോലും തിരയുന്നു നിന്നെ
നിൻവാർചുരുളതിൽ പുഞ്ചിരി വിടർത്താൻ
ഇരുളിൽ നീ കോതി ഒതുക്കിയാ മുടിയിൽ
എന്തിനി കാട്ടുപ്പൂ തപസ്വിനിയായി
അന്നു നാം കൈകോർത്തു വർഷപിറപ്പിലായി
ഇന്നു നീ അകലുന്നു വർഷകാലത്തിലായി
ചെറ്റകുടിലിന്റെ മുക്കിലോ നീ സഖി
എന്തിനി പ്രാണനെ തേടികരഞ്ഞു
ബീഡിതൻ കോളേജു പോലായ ചുണ്ടിൽ
തന്നതല്ലേ സഖീ നീ നറുചുംബനം
സിരകളിൽ കൈയ്യൊപ്പു ചാർത്തിയചുംബനം
എന്തിനെന്നെ രൂക്ഷമായി നോക്കുന്നു
അന്നു നിൻ മൂക്കിലെ കല്ലിലല്ലേ സഖീ
ഞാനെന്റെ കൗമാരം വീണ്ടെടുത്തു
ഇന്നു നിൻ മുറ്റത്തെ കൃഷ്ണതുളസിയായി
വിരിയാനിതാ ഞാൻ കൊതിച്ചിടുന്നു

പ്രളയം പറഞ്ഞത് അർത്ഥമാണെങ്കിലും
പ്രളയം തകർത്തത് പ്രണയമാണെൻ സഖി
പറയുന്ന പതിയനെ പ്രളയമാം ക്രൂരൻ
ഇതു നിന്റെ മക്കൾക്കു പാഠമല്ലോ
പ്രളയം പറഞ്ഞത് പൊരുളാണ് എൻ സഖി
വിരത്തിൻ വേദന രൂക്ഷമാണെങ്കിലും
ഇന്നു നിൻ അവകാശി മരണമാണെങ്കിലും
ഇന്നു നീ വീണ്ടുമെൻ ചാരത്തുറങ്ങും
മാപനം ചെയ്യുന്ന ഞാനെന്റെ മൗനം
വീണ്ടും നിൻ മാറിലണയുന്ന സമയം
അന്നു നീ കടലാസിൽ കേറിയവാക്കുകൾ
ഇന്നു നിൻ യാത്രതൻ മൊഴികളായി മാരി
ഇന്നു നിൻ അസ്ഥിശകങ്ങൾ ഒഴുകുമ്പോൾ
വിരിയുന്ന രക്തപുഷ്പമെൻ മാറിൽ
പ്രളയം കരഞ്ഞത് പൊരുളിനായിയെങ്കിലും
പ്രണയം വെറുത്തത് പ്രളയത്തെയല്ലോ
വിരഹത്തിലല്ലോ സഖി മധുരിതം പ്രണയം,
പ്രളയം പറഞ്ഞത് പാഠമെൻ തോഴി........

# അമ്മ

_അനഘ പി

നമ്മളെ  പോറ്റി വളർത്തീ.......നമ്മെ
ശുശ്രൂഷിച്ച   നല്ലോരമ്മ
പാരിൽ  വേദനയൊക്കെയകറ്റി
പോറ്റി  വളർത്തുന്ന   നല്ലോരമ്മ
ഉള്ളിലെ  ദുഃഖങ്ങളൊക്കെയകറ്റി  നമ്മളെ
സന്തോഷിപ്പിക്കുമമ്മ,  നമ്മളെ  സന്തോഷിപ്പിക്കുമമ്മ
എന്തുവരുമ്പോഴും  നമ്മുടെ  കൂടെ
നിൽക്കുന്നൊരു   നല്ലമ്മ
തന്നിലെ  സന്തോഷം  മാറ്റിവച്ച്
മക്കൾക്കായി  സന്തോഷം  നൽകുമമ്മ
ഇത്രയും  നല്ലൊരു  അമ്മയെ  തന്നതിൽ
ദൈവമേ  നിനക്കു  നന്ദി, ദൈവമേ  നിനക്കു  നന്ദി



# മഴത്തുള്ളി

_ അരവിന്ദ് രവി എ

ആകാശം ഇരുളുന്ന
കാർമേഘം പടരുന്ന
സ്വപ്ന വെളിച്ചംപോൽ പകരുന്ന മിന്നൽ നാദം
ഇടക്ക് മന്ദളംപോൽ കേൾക്കുന്ന ഇടിമിന്നൽ
പാദസര നാദംപോലെ കേൾക്കുന്ന മഴത്തുള്ളി
മനസ്സിൽ ഭാവനകൾ ഉണർത്താൻ തെക്കൻ കാറ്റ്
ആകാശം കണിപോലെ തരുന്ന മഴതുള്ളി





# ജയിംസിന് സാഹസികതയും ഇന്നത്തെ വികസനവും

_ കൃഷ്ണപ്രിയ പി

ഒരു ഗ്രാമത്തിൽ ഒരു വലിയ കാടുണ്ടായിരുന്നു . ആ കാട്ടിലേക്ക് ആർക്കും പ്രവേശനമില്ലായിരുന്നു. അവിടേക്ക് പോയവരാരും ഇതുവരെ തിരിച്ചുവന്നിട്ടില്ല. ആ കാടിനകത്ത് പലതരത്തിലുള്ള മൃഗങ്ങൾ ഉണ്ടായിരുന്നു. ഒരിക്കൽ ആ ഗ്രാമത്തിലേക്ക് ഒരു സഞ്ചാരി വന്നു. അവരുടെ പേര് ജെയിംസ് എന്നാണ്. അയാൾ സാഹസികത ഇഷ്ടപ്പെടുന്നു. ആറടി പൊക്കവും ഒരുതരം നീട്ടമുള്ള ഷർട്ടും മുക്കാമുറിയൻ പാന്റും ഒരു ബാഗും കൈയിലൊരു വടിയും ഇതാണ് അയാളുടെ വേഷം. അയാൾ നടന്നു സഞ്ചരിക്കുന്ന വ്യക്തിയാണ്. അയാൾ ആ ഗ്രാമത്തിലെ പ്രകൃതിസൗന്ദര്യം ആവോളം ആസ്വദിച്ചു. ആ ഗ്രാമം വളരെ മനോഹരമായ ഒരു ഗ്രാമമാണ്. മനോഹരമായ മരങ്ങളും നെൽപ്പാടങ്ങളും താഴ്വരകളും നദികളും പക്ഷികളും ഇവയെല്ലാം കൊണ്ട് ധന്യമായ ഒരു ചെറിയ ഗ്രാമം. ഒരിക്കൽ ആ യാത്രികൻ ആ കാടിന് അരികിലെത്തി. അവിടെ വിറക് വെട്ടി കൊണ്ടിരുന്നവർ അയാളെ തടഞ്ഞു. അയാൾ തിരക്കി. അവർ എല്ലാം പറഞ്ഞു. അയാൾക്ക് ഇത് കേട്ടപ്പോൾ അവിടേക്ക് പോവാൻ ആകാംക്ഷയായി. അവർ ഇതുവരെ കാണാത്ത വിസ്മയിപ്പിക്കുന്ന കാഴ്ച അയാൾ അവിടെ കണ്ടു. ഒപ്പം പല ഭയാനകമായ മൃഗങ്ങളെയും വളരെ ഭംഗിയാർന്ന മൃഗങ്ങളെയും പക്ഷികളെയും വളരെ സ്വാദിഷ്ടമായ കായ്കനികളും അയാൾ അവിടെ കണ്ടുകയും അനുഭവിക്കുകയും ചെയ്തു. പല മൃഗങ്ങളിൽ നിന്നും അവർ അതി സാഹസികതമായി രക്ഷപ്പെട്ടു. അയാൾ പല പ്രതിസന്ധികളും ചുറ്റുചുറ്റുക്കോടെ നേരിട്ടു. ആ കാടിനകത്ത് ഒരു ക്ഷേത്രമുണ്ടായിരുന്നു. വളരെ ചൈതന്യം ഉഴുന്നുന്ന ദേവീക്ഷത്രം ആ വിഗ്രഹം ചതുപ്പ് കുളത്തിനു നടുവിൽ ആണ്. നല്ല പച്ചയും ഇടയ്ക്ക നീലയുമുള്ള പ്രകാശം തട്ടി തിളങ്ങുന്ന രക്തം പോലുള്ള തെളിഞ്ഞവെള്ളം ആ കുളത്തിൽ മനോഹരമായ താമരയും ആമ്പലുകൾ ഉണ്ടായിരുന്നു. ആ വിഗ്രഹത്തിനു മൂർത്തിയിൽ ഒരു തിളങ്ങുന്ന മനോഹരമായ രത്നം പ്രകാശിക്കുന്നതു പോലെ സൂര്യപ്രകാശത്തിൽ നോക്കുമ്പോൾ കണ്ണഞ്ചിപ്പിക്കുന്ന രീതിയിൽ തിളങ്ങുന്ന ആ കാഴ്ച വളരെ മനോഹരമായിരുന്നു. അയാൾ തിരിച്ചു ഗ്രാമത്തിലെത്തി. അതാ

ഗ്രാമത്തിലുള്ളവർക്ക് പ്രചോദനമായി മാറി. ചിലർ പോയി വരാൻ തുടങ്ങി. കാലം മാറിയതോടെ അവിടെ പല മാറ്റവും വന്നു. അത് ഒരു സഞ്ചാര കേന്ദ്രമായി മാറി. ആ ക്ഷേത്രത്തിലെ അപൂർവ സ്ഥാനം മ്യൂസിയത്തിലേക്കമാറ്റി. ആ തനിമയും ഭംഗിയും അവിടെനിന്നും പോയി മറഞ്ഞു. ആ സഞ്ചാരി പിന്നൊരിക്കൽ അവിടെ വന്നപ്പോൾ അയാൾ പെട്ടെന്നു ഞെട്ടി. അന്ന് കണ്ടത്ര മനോഹാരിതയും ആഹ്ലാദവും അന്നയാൾക്ക് അവിടെ നിന്നും ലഭിച്ചില്ല ആ പ്രദേശത്തിന്റെ ഇന്നത്തെ അവസ്ഥ അയാളിൽ ചെറിയ സങ്കടം ചെലുത്തി. അന്ന് പല പക്ഷികൾ ആലും മൃഗങ്ങളായാലും ഭംഗിയാർന്ന ഭൂമി ഇന്ന് അനേകം മാറിയിരിക്കുന്നു. കുറേ മരങ്ങൾ മുറിച്ചു. പക്ഷികളെയും മൃഗങ്ങളെയും കൂട്ടുകളിൽ അടച്ചു. നാം നടത്തുന്ന വികസന പ്രവർത്തനങ്ങൾ പലതും പലതരത്തിൽ നമ്മുക്ക് ദോഷകരമാണ്. അത്തരം വികസനം നിയന്ത്രിക്കാൻ നാം ശ്രമിക്കേണ്ടതാണ്.

# കനവിൽതോണി

_ അനശ്വര സദാനന്ദൻ സി

നീരാവിയായി അന്നെൻ മുറ്റത്ത്
കൊച്ചരെ മറന്നു...................
കനവിൻ തീരങ്ങൾ പാടുന്ന കാറ്റും
പുഴയുടെ ഗീതങ്ങൾ കേൾക്കുന്ന കാറ്റും
എൻ കിനാവിന്റെ പഠിപ്പുരയിലെത്തി

കനവിൻ തോണി കടവിൻ അപ്പുറത്ത്
നീലരാത്രിപോലും ആടുന്നു................
കരിമിഴികൾക്കും നടലെടുക്കാത്ത
രേണി രേണുക വന്നദിച്ചൂ...........

കരിവീരാധവ മധുനന്ദനാവതം
ഒഴുകണകാറ്റിൻ താളത്തിലാടി
കനവിൻ തീരങ്ങൾ പാടുന്ന കാറ്റോ
ഗീതങ്ങൾ കേൾക്കുന്ന പുഴയേ.....



# എന്റെ വിദ്യാലയം

_അപർണ പി ആർ

എന്നെ ആദ്യാക്ഷരം പഠിപ്പിച്ചൊരാ വിദ്യാലയം

ഞാനിന്ന് ഓർത്തു പോകാതെ ആദ്യമായി

ഞാൻ അന്ന് എൻറെ ഇളം

കാലുകൾ തൊട്ടാ കലാലയത്തിൽ

പടികൾ കയറിയപ്പോൾ എൻറെ കാലുകൾ

മെല്ലെ ഇടറി എന്നും മിഴികളിൽ കൂടി

ആ കണ്ണീർമഴ അന്ന പെയ്തുവെന്നും

അമ്മ പറഞ്ഞത് ഓർക്കുന്ന ഞാൻ

എന്നെ ആദ്യാക്ഷരം പഠിപ്പിച്ചൊരാ കലാലയം

ഇന്നെന്റെ ജീവിതത്തിൽ വിളങ്ങിടുന്ന

മറക്കുകയില്ല ഞാൻ ഒരിക്കലും എന്റെ

ആ കൊച്ചു കുടുംബത്തെയും മാതാപിതാക്കളെ

പോലെ എന്നെ സ്നേഹിച്ച്

അറിവിൻറെ അക്ഷരം പകർന്നൊരാ ഗുരുക്കന്മാരെയും

കുന്നോളം സൗഹൃദവും മണിയോളം വേദനയും

തന്നൊരാ അക്ഷര മുറ്റത്തുനിന്ന് പടിയിറങ്ങിയപ്പോൾ

എൻറെ നെഞ്ച് പിടഞ്ഞൊരാ വേദന

ഞാൻ ഓർത്തുപോകുന്നു

ഇനിയൊരു ജന്മമുണ്ടെങ്കിൽ ആ കലാലയത്തിൽ

പഠിക്കുവാനായി

തീരാത്ത ബാല്യകാലം തരണമെന്ന് സർവ്വേശ്വരനോട്

അപേക്ഷിക്കവെ ഞാൻ ഈ വാർധക്യത്തിൽ



# അമ്മ

_ എയ്ഞ്ചൽ ബിനു

അമ്മയെന്ന രണ്ടക്ഷരത്തിനർത്ഥം കുറിക്കാൻ ആർക്കാകും
അമ്മയാണ് ഒരുസത്യവും സർവ്വവും
ല്വുഅമ്മയിൽ നിന്നു തുടങ്ങുന്നു ജീവിതം
അമ്മയിൽനിന്നും ആർ പഠിക്കുന്നു
ഇടാൻ ലോക ജീവിത തത്വങ്ങളും
സർവ്വം സഹയാണ് അമ്മ
എരിതീയിൽ കുളിർമഴിയായ്
കൊടും തണിപ്പിൽള്ളിൽ ഇളം ചൂടായി
അമ്മയെത്തുന്നു.
മകൾക്ക് തണലാകാൻ
അമ്മ തൻ ജീവിതം മാററി വെയ്ക്കുന്നു
വാർദ്ധക്യ കാലത്ത് ആരുമില്ല
അമ്മ തൻ ജീവിതം വൃദ്ധസദത്തിൽ



# നിദ്ര

**_ സൗരവ് മുരളി**

ഇന്നലെ വൈകുന്നേരം പുഴയിൽ കുളിക്കാൻ പോയതിനുശേഷം തുടങ്ങിയതാണീ നിദ്ര. ആഴങ്ങളിലേക്കിറങ്ങി ചെല്ലുമ്പോഴേക്കും ഞാൻ ഉറങ്ങിയിരുന്നു. ഇപ്പോൾ ഞാൻ എവിടെയാ ഉള്ളത് എന്നെനിക്കറിയില്ല. എപ്പോഴും ഞാനുറങ്ങുമ്പോൾ അമ്മയെ എൻറെ കൂടത്തിൽ ഇരിക്കുമായിരുന്നു. പക്ഷേ ഇപ്പോൾ അമ്മയെ കാണുന്നില്ല. ചിലപ്പോൾ അടുക്കളയിൽ ആയിരിക്കും. എനിക്ക് നല്ല വിശപ്പുണ്ട്. വിശന്ന വയറുകരയുന്നു. ഞാൻ കിടക്കുന്നിടത്ത് നല്ല തണുപ്പുണ്ട്. ആരുടെയൊക്കെയോ ബഹളവും കേൾക്കുന്നുണ്ട്. ആരൊക്കെയോ വിങ്ങുന്നുണ്ട്. എന്തുപറ്റിയെന്ന് ചോദിക്കാൻ എനിക്ക് വയ്യ. വിശപ്പ് കൊണ്ട് ഞാൻ തളർന്നിരുന്നു. അതിനുശേഷം എന്നെ ഏതോ ഒരു വണ്ടിയിൽ കയറ്റി കൊണ്ട് പോയി. അമ്മ കൂടെ ഇല്ലായിരുന്നു എന്ന് തോന്നുന്നു. അച്ചൻ അരികിലുണ്ട്. ആ ചുണ്ടുകൾ എന്തൊക്കെയോ എന്നോട് പറയാൻ വിതുമ്പുന്നത് പോലെ. കുറച്ചുകഴിഞ്ഞപ്പോൾ വീടിനു മുന്നിലെത്തി.. പക്ഷേ ഞാൻ ഈ കാഴ്ചകളെല്ലാം കിടന്നുകൊണ്ടാണ് കാണുന്നത്. ആകാശത്തിൽ മേഘം തിരക്കോടെ പാഞ്ഞു കളിക്കുന്നു. കിടന്നുകൊണ്ടുതന്നെ ഞാൻ ഹാളിലെത്തി.എന്തോ സംഭവിച്ചതുപോലെ എന്റെ കൂട്ടുകാരന്നെ നോക്കുന്നു. '' ഉണ്ണി''...... എന്ന് വിളിച്ചു കരയുന്നു. പിറകെ അനിയത്തിയും. ഇന്നലെ ഞാനുമവളും ആണ് പുഴയിൽ പോയത് . പക്ഷേ എൻറെ കൂടെ പുഴയിൽ അവൾ ഇറങ്ങിയില്ലായിരുന്നു. അവൾ ഏട്ടാ എന്ന് വിളിക്കുന്നുണ്ട്. പുഞ്ചിരിച്ചുകൊണ്ട് മറുപടി നൽകി. പക്ഷേ അത് അവൾ കേട്ടില്ല എന്ന് തോന്നുന്നു. അവൾ നീങ്ങി. ഞാൻ അവിടെ ഉറങ്ങി. കുറച്ചുകഴിഞ്ഞ് വിശപ്പും ദാഹവുംകൊണ്ട് ഞാൻ എഴുന്നേറ്റു. അമ്മേയെന്ന് ഞാൻ വിളിക്കാൻ ശ്രമിച്ചു. പക്ഷേ പറ്റുന്നില്ല. വിശപ്പും ദാഹവും കൊണ്ടുള്ള തളർച്ച എന്നെ പിന്നിൽ നിന്നും വലിച്ചു. വിളി കേട്ടവണ്ണം അമ്മ എൻറെ മുന്നിൽ വന്നു കരയാൻതുടങ്ങി., ആ കരച്ചിൽ കണ്ട് നീർത്ത കണ്ണുനീർത്തുള്ളികൾ എൻറെ കണ്ണിൽനിന്നും പൊടിയാൻ തുടങ്ങി.'' മോനേ''.... എന്നുവിളിച്ചു.

എന്താണെന്ന് എനിക്ക് മനസ്സിലാവുന്നേയില്ല. അമ്മയുടെ കണ്ണിൽ നിന്നും കണ്ണീർ വീഴുന്നതു ഞാൻ കണ്ടു.പക്ഷെ ആ കണ്ണീർ എന്റെ ദേഹത്ത് പതിച്ചില്ല. തടസ്സമായി മേലെ എന്തോ ഉണ്ടായിരുന്നു. അച്ഛനും പൊട്ടികരയുന്നുണ്ട്. ആർക്ക് എന്താണ് പറ്റിയത്? കുറച്ച് കഴിഞ്ഞപ്പോൾ ഞാൻ വേറെ എവിടെയോ എത്തി. അവിടെവച്ച് അമ്മയെന്നെ ഉമ്മവച്ചു.അച്ഛനും,അനിയത്തിയും കൂട്ടുകാരുമെല്ലാവരും അപ്പോൾ ഉമ്മ വെക്കാൻ ഒരു തടസ്സവും ഉണ്ടായിരുന്നില്ല. എല്ലാവരും ഉമ്മ വെച്ചപ്പോൾ എനിക്ക് സന്തോഷമായി. പെട്ടെന്ന് ഞാൻ താഴേക്ക് പോയി. അവിടെനിന്ന് നോക്കിയപ്പോൾ ആരെയും കാണുമാനില്ല. മൊത്തം കൂരിരുട്ട്. രാത്രിയായി കാണും. ഉറങ്ങാം. ഇന്നലെ നടന്നതെന്താണെന്ന് ഞാൻ ഓർക്കാൻ ശ്രമിച്ചു. ഏതായാലും വിശക്കുന്നുണ്ട്. ദാഹവും ഉണ്ട്. ഒന്നും ഓർക്കാനും പറ്റുന്നില്ല. ആരെയും കാണുന്നുമില്ല. മൊത്തം കൂരിരുട്ട്. മെല്ലെ ഞാൻ നിദ്രയിലേക്ക് മയങ്ങിവീണു. അങ്ങനെ...... അങ്ങനെ......

# എന്റെ യാത്രസ്മരണകൾ

_എയ്ഞ്ചൽ



"ഇളനീരിനൊത്ത തണ്ണീരിളകി
ക്കൊണ്ടൊള്ളഴകും മൃദുസ്വനത്താൽ
നിള നല്ലൊരു പാട്ടുകാരി പോലും
കള സംഗീത സുഖം ചെവിക്കനപ്പ്"

എന്നാൽ ഭാരത പുഴയെ കുറിച്ച് വള്ളത്തോൾ വിവരിച്ചിരിക്കുന്നത് ഇതു തന്നെയാണ് എനിക്കും ആദ്യം ഭാരതപ്പുഴ കണ്ടപ്പോൾ തോന്നിയതും ഇളനീര് പോലെ ഒഴുകുന്ന റോഡിലൂടെ ജലം ഞാൻ ആദ്യമായി കുടുംബസമേതം എറണാകുളം( അമ്മ വീട്ടിൽ) പോയപ്പോൾ ഞാൻ ട്രെയിനിലാണ് പോയത് ഇടയ്ക്കുവെച്ച് ട്രയിലൻ നിന്നു അപ്പോഴാണ് എന്റെ കണ്ണിൽ പെട്ടത് ഒരു നിറഞ്ഞു ഒഴുകുന്ന പുഴ അമ്മയോട് ഞാൻ ചോദിച്ചു അമ്മേ ഇതൊതു പോയാണ് അമ്മ ചുറ്റിലും നോക്കി അമ്മയുട് പുറപ്പെട്ടു അമ്മ പറഞ്ഞു 'അതാണ് ഭാരതപുഴ ആണെന്ന് അമ്മ പറഞ്ഞു പിന്നെയും ഞാൻ ചോദിച്ചു ' ഏതൊക്കെ തലങ്ങളിലൂടെയാണി പുഴ ഒഴുകുന്നത്? ഞാൻ അമ്മയോട ചോദിച്ചു അമ്മേ ഈ ' ഏതൊക്കെ സ്ഥലങ്ങളിലൂടെയാണി പുഴ ഒഴുകുന്നത്? അമ്മയൊരു ചെറു പുഞ്ചിരിയോടെ പറഞ്ഞു' നമ്മൾ പോകുന്ന വഴി ഈ പുകയില്ലാത്ത സ്ഥലങ്ങളുടെ ഉണ്ടായിരുന്നല്ലോ' അമ്മ പറഞ്ഞു' അതെ പാലക്കാട് ഈ പുഴപോകുന്നില്ല അങ്ങനെ വണ്ടിയുടെ ചക്രങ്ങൾ ചലിച്ചു മോഹൻലാൽ തുടങ്ങി പുഴ പതുക്കെ പതുക്കെ കാണ മറഞ്ഞത്തെ കൺ ചിമ്മി മറഞ്ഞു പെട്ടന്ന് തൃശ്ശൂരിലെത്തിവീണ്ടും ഭാരതപ്പുഴ കൺചിമ്മി മാറിയപ്പോൾ ഞാൻ അമ്മയോട് പറഞ്ഞു അമ്മേ ഇതാ ഭാരതപ്പുഴയുടെ ഒരു ഭാഗം അമ്മയെ ഒന്നു നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു ഒരു ചെറു ചമ്മലോടെ തലകുലുക്കി ഞാൻ ഇവിടെയിരുന്നു എൻറെ ഏറ്റവും നല്ല യാത്ര വിവരണമാണ്.

# My puppy

Aryananda


My puppy has a doghouse
Just out my door.
He licks me when I pet him
And wags his tail for more.
He's always there beside me
No matter what I do.
My puppy is my special friend
And a family member too



# Colour kites

_ Abhijijth

Red kites, blue kites, flying by
Yellow kites, green kites, sailing in the sky
They fly high and they fly low
Twirling whirling, round they go
Red kites, blue kites, flying by
Yellow kites, green kites,
sailing in the sky



# Rainbow

_ Ajith

I can name the
Colours of the rainbow.
Red, orange ,yellow and green
Blue, Indigo and Violet
Are seen in the rainbow .
I can find the colours in the rainbow .
Red , orange , yellow and green
Blue , Indigo and Violet
Are seen in the rainbow .



# THE LOST CHILD

**_ Aryananda**

*The summer Fair*

*It was a summer fair. People walked to the fair ground through the narrow lane . Some of them walked and some rode on horses. Some other came on bullock carts.*

*A little boy ran around his father. He was fascinated by toy and stopped to have a close look at them.*

*'Come child , come ', called his father. He hurried to his parents.*

*'I want that toy ', he pleaded.*

*His father looked at him red-eyed.*

*The boy walked away sadly with his parents.*

*A sweet-seller*

*'Gulab jamun, Rasagulla, burfi, jilebi, ladoo,' yelled a hawker at the entrance. He called out at the passers by. Many coloured sweets, decorated with leaves of silver and gold were seen. The child stared open-eyed, and his month watered. Ladoo was his favourite sweet. I want that ladoo , he murmured. He knew that his parent would say he was greedy. Without waiting for an answer, he moved on.*

*Colours Far Away*

*A garland of jasmine, a garland of jasmine', a flower seller shouted. 'I want that garland',the child murmured. But... without waiting for an answer, he moved on .*

*A man stood holding a pole with yellow, green, red and purple balloons. The child stood there watching the balloons. He wished to have them all. But he knew that his parents would never buy him the balloons. They would say he was too old to play*

*with such things. So he walked on.*

*Cries Unheard*

*Suddenly he heard a creaking sound nearby. Children were roaring with laughter. He ran to that place. Men,women and children were riding on a giant wheel in a whirling motion.*

*'I want to go on the giant wheel, please, Father... Mother '.*

*The child pleaded earnestly.*

*There was no reply. He turned to look at his parents. They were not there. He looked at both sides. He could not find them there. He looked around. There was no sign of them.*

*A Sob*

*'Father,Mother...,' he called aloud. He began to cry in real fear. Tears rolled down from his eyes. He ran hither and thither, in all directions. He didn't know where to go. 'Mother, Father...,' he cried. He ran through the crowd, calling out, 'Father...,Mother...'*

*A Help Hand*

*a man in the crowed heard his cry. He lifted him up in his arms.'How did you get here, child? Whose child are you ?' the man asked.*

*The child wept bitterly. 'I want to see my mother. I want to see my father'. The man took him to the merry-go-round to soothe him.'Would you like to go for a ride?' he asked gently. The child sobbed more bitterly.*

*'I want my mother. I want my father.'The man took him near the balloon man.*

*Would you like the rainbow-coloured balloon?' he asked. The child turn his eyes from the flying balloon and continued sobbing. 'I want my Mother. I want my Father.' The man took him to the flower seller. 'Look child, smell those nice flowers . Would you like a jasmine garland?'*

*the child turn his face and continued crying. 'I want my Mother. I want my father.'*

*The man took him to the sweets shop. 'What sweets would you like child?' he asked .*

*The child turned his face away from the sweets shop and sobbed.*

*'I want my Mother.*

*I want my Father....'*



# Three Butterflier

_ ***Aryananda***

*JOIN THE DOTS. You will find who it is .Don't forget to colour it.*



*Three butterflies lived in a garden. They were friends .One was white, one red and one yellow.*

*They played together.*

*They dance together. Together, they sucked nectar from the flowers. One afternoon, the butterflies were playing in*

*The garden. It suddenly grew dark. Acold wind blew. 'It's going to rain.*

*Let's stop playing,' said*

*the red butterfly. Suddenly it starting raining. The three butterflies got wet in the*

*rain. They found*

*it difficult to fly. They looked for a shelter. A sunflower was watching them curiously.*

*<u>Seeking shelter</u>*

*'Sunflower, sunflower,*

*It's raining heavily.*

*Shall we stay here*

*till the rain is over?'*

*asked the butterflies.*

*The sunflower said:*

*'My favourite fellows*

*The red and the yellow ones,*

*You can stay with me*

*till it stops raining.*

*But I can't let in here*

*the white one.'*

*The yellow and the red butterflies replied:*

*'No dear, no dear,*

*We won't stay here,*

*Sending away*

*our friend in dismay.'*

*The rain came down like pebbles*

*on the butterflies.*

*A REQUEST*

*Then the butterflies saw a white lily.*

*'Good lily, good lily,*
*It's raining heavily.*
*Open your petals wide*
*And take us in to hide,'*
*The butterflies begged.*

*'My favourite one,*
*the white one,*
*you can stay with me*
*till it stops raining.*
*But i can let in here*
*Only the white one,'*
*said the white lily.*
*'No dear, no dear,*
*I won't stay here,*
*Sending away*
*My friends in dismay,'*
*replied the white butterfly.*

*TRUE LOVE*

*The butterflies were totally wet. It was very difficult for them to fly. They looked at*

the butterflies

from behind the clouds. He was pleased to see the love and care among the

butterflies. So he

chased the clouds away. It stopped rainin . tha sun dried the butterflies' wings.

The three butterflies

were happy again. They danced in the garden among the flowers till evening.

When night fell, they went to sleep.

# Trees

_ **Aswanth**

Neem , peepal , Banyan ,
Coconut ,mango , banana,
Tamarind , Gulmoher,
Eucalyptus , Ashoka.



(Neem , peepal …)
Trees short, tree stall,
Trees large , trees small
Trees are homes
For birds and bees
Trees dance sway
In the breeze.
(Neem , peepal …)
Trees lush, trees bare,
Trees cool and clean the air ,
Plant trees everywhere
For trees are precious
Friends rare.

# Seed

_ Abhijith

A little seed for me to sow
A little earth to make it grow
A little hole, a little pat,
A little wish, and that is that,
A little sun, a little shower
A little while and then a flower




# Little pup

_ Anaswara

Little pup, Little pup,
What do you say?
Woof, Woof, Woof!
Let’s go and play’.

Kitty cat, Kitty cat,
How about you?
Meow, Meow, Meow!
And I purr, too.’




Pretty bird, pretty,
Have you a song?
‘Tweet, tweet, tweet!
The whole day long.

# KITTENS

vanthi

Black kitten
Brown kitten
White kitten
Grey kitten
Chasing all the rats.

Big kitten
Small kitten
Fat kitten
Thin kitten
Drinking all the millk.

Smart kitten
Cute kitten
Happy kitten
Naughty kitten
stealing all the fish





# Over in the Meadow

_ Aryananda

Over in Meadow ,

In a hole in a tree,

Lived an old mother owl,


And her little owls three.

'Tu – whoo ,' said the mother,

'Tu – whoo ,' said the three,

So they 'Tu-whoo-ed all day,

In a hole in a tree.




# BIRDS

_ Aryananda

On bush or tree,
Young birds in a pretty nest,
I must not in my play,
Steal the birds away,
To grieve their mother's breast.

My mother I know,
Would sorrow so,
So I'll speak to the birds,
In my softest words,
Nor hurt them in my play.
IF ever I see,




Jalsan IXE

# The First Flight

_ Aryananda

An owl family lived on a big tree. A father owl, a mother owl and three baby owls. The babies were very young. They could 't fly. Children, get ready. The moon has come up. Today is our first day out,' father owl said to the babies. Two baby owls flapped their wing and rose up. But the third one sat still. Rouly, what happened my dear? Come let's  fly out with father,' mother said. “Mother, I can't see anything. It is dark,' Rouly, the owlet said.

Rouly, we are owls. We can see at night. Come on, just try dear.' mother said.'But mother, I can't even see you clearly. I can only hear your voice.' Rouly sobbed. 'Don't cry my little one. You will be okay. Stay here. I'll bring you food'. Saying this, mother owl flew away. Rouly was alone. Slowly Rouly slipped into a sound sleep.

The day broke. Rouly started eating the food. Bright sunlight was peeping into the neat. 'Father, mother and my sister are sleeping. They can see at night. They can fly out. But I can't! What is wrong with me?' Rouly slowly came out of the neat

'wom! What a bring light!' Rouly blinking her eyes. 'I can see everything. The green trees, the yellow flower, the white clouds, the blue sky!' She flapped her wings,'Mother, I can see now.' Rouly stretched out her wings.'I can fly. Shall I go for my first flight?' She cried in joy. Rouly flew up. Rouly flapped her wings in joy. Slowly she moved through the air. 'I am perfectly all right.' Rouly flew up. Above the trees....above the hills... up in the sky. Rouly enjoyed her first flight. A cool breeze kissed her wings. “Wom.... it's wonderful!' she thought. 'Oh i am hungry.' Rouly looked down and landed on a rock. “Hey,Hawk, please don't eat me.' The mouse cried aloud. 'hawk?I am not a hawk. I am  an owlet,'Rouly said angrily. 'Owlet? In

day light! Ha...ha..ha....! But owls cannot fly in daylight,'said the mouse.


'Don't laugh at me you silly mouse! I am an owlet and I am hungry too. I am going to est you up,' Rouly said. 'Oh! You are a special owlet, I agree. But please don' t eat me. I will give you some tasty food'. Rouly waited outside the hole. 'All these are for you. Please have them,' the mouse said. Rouly tasted a banana.

'Tu.... whoo....... it is so small.' 'Taste this.' the mouse offered an almond. 'No......no......it is too hard.'

'What about this? I am sure you will like this.' The mouse gave Rouly some cashew nuts. 'Wom.... so tasty! I like it. Give me some more.' Rouly enjoyed eating the nuts. It's too hot! Let's stop playing,' Rouly moved towards the shade. 'Hey friend, What happened?' They mouse followed her. 'Oh.....I can't open my eyes. The sun is so bright. My body......... it's too hot. It's painful. I'm not feeling good.' Rouly slowly lay down. 'Oh..... I see.... stay here. I have an idea....! I will be back soon.' Saying this, the mouse rushed through the bush. 'Oh, friend you are back! What is it in your hand?' Rouly wondered. 'Rouly,my friend, these are for you.' the mouse said happily.'For me! What for?' 'Rouly, put on this hat, wear this sun glass. You will stay cool.' The mouse help Rouly to you feel now/' The mouse asked. 'thank you friend. I feel better,' Rouly said, smiling.

The sun was setting. The owls woke up. 'Where is Rouly?' The mother owl looked around. 'Oh, look! Who is that' Father owl pointed to the sky. Everyone looked at the sky. A bird with a hat and glasses! Rouly landed on the branch. 'Who are you/' father owl asked.

'It,s me... your Rouly,' Rouly said. 'Where were you dear? Who gave you the hat and the glasses' father asked . 'I can see everything in daylight. So I went out. I got a new friend too. He gave me all these things,' Rouly said smiling. 'Oh.. dear! You're someone special. So special. Everyone hugged her.


Aswang

# समय का महत्व

_ षेर्ली जोसफ

समय और सागर की लहरें


किसी का इंतजार नहीं करती

समय वह संपति है जो प्रत्येक मनुष्य को ईश्वर की और से मिली है। जो व्यक्ति समय को साथ रहता है वही व्यक्ति जीवन में सफलता प्राप्त करता है। ईश्वर ने मनुष्य को कुछ न कुछ के लिए बनाया है। बीता हुआ समय कभी भी लौट कर नहीं आता है। समय के सदुपयोग से एक जंगली मनुष्य सभ्य और देवता बन जाता है, उसी के द्वारा मूर्ख वीद्वन निर्धन धनवान और अज्ञानी अनूभबी बन सकता है। प्रत्येक कार्य के लिए समय निशिचत कर ले।

" अब पछता होता का"

"जब चिडि. या चुग गई खेत"

अथा जब समय निकल जाए तौ बद मे पछतानेका कया फायदा । जो व्यक्ति समय के अनुसार नही चलता है वह जीवन में कभी सफलता नहीं पाता है । जो लोग समय के महत्व समझ कर नियमित रूप से उसका पालन करते हैं।।



# चलबाजी की चालबाजी

_ अजित

एक बार एक गधा वन की तरफ भाग गया | वहाँ वह स्वच्छन्द और सानंद रहता था | वह वन की धास चरता और एक बडे पेडे के नीचे सोता |

एक दीन एक लेमडी ने गधे को देख लिया | किसी न किसी तरह उस गधे को भार कर खोने का उपाय बह सोचने लगा | लोमडी गधे के पास गया और उससे कहा अरे यार हफ्ते भर तुम को मौ ने देखा ही नही | आखिर मामला क्या है ?

गधे ने लोमडी के विचार को पहचान लिया | वह बडा चालाक था | उसने लोमडी से कहा यार, मेरी तबीयत ठीक नहीं हौं | मेरे पिछले पैरो में से एक में बडा गहरा घव हो गया है उससे मुझे बडा दर्द हो रहा है |

उस भूखी लोमडी ने चालाक गधे की बातों पर विश्राज किया | उसने कहा: ‘‘यार, चिन्त न करो | मैं एक वैघ भी हूँ | मैं तुम्हारा इलाज करूँगा | तुम्हारा वह घाव मुझे दिखाओ |’’ गधे ने कहा ‘‘घाव मेरे पिछले पैर मैं हैं | तुम देख लो |’’

मूर्ख लोमडी गघे के पास गाया | वह उस घाव को देखने लगा | तुरंत गधे ने ज़ोर से लोमडी के मूँह पर लात मारी | लोमडी चीखता चिल्लाता नीचे गिर पडा। | गधा लोमडी के सामने से भाग गया | इस तरह उसने दालबाजी को चालबाजी से जीता |

# നന്ദി

കാലത്തിന്റെ നിയമങ്ങൾക്കപ്പുറം ഒന്നു ചിറകനക്കാൻപോലും കഴിയാത്ത ജീവിതമെന്ന ഘോഷയാത്രയിലെ വെറും പദയാത്രികർ അനുസ്യൂതമായ് തുടർന്നുകൊണ്ടിരിക്കുന്ന പ്രക്രിയ ആരുടെയും പേരെടുത്തു പറയുന്നില്ലെങ്കിലും അക്ഷരങ്ങളായി വർണ്ണപ്രപഞ്ചം തീർത്തവർ എനിക്ക് മുമ്പിൽ എന്റെ നിഴലായി നിന്ന് ഈ അക്ഷരകൂട്ടിനെ പൂർണ്ണതയിലെത്തിച്ചവർ കാലത്തിന്റെ ചരിത്രമുഹൂർത്തത്തിൽ ഈ മാഗസിൻ ഒരു ദീപസ്തംഭമാവട്ടെ നിറഹൃദയത്തോടെ സ്വീകരിക്കുക വിമർശന ബുദ്ധിയോടെ വിലയിരുത്തുക കടന്നുപോകുന്നവർക്ക് ലഭിക്കുവാൻ കടന്നുവരുന്നവർക്ക് ഓമനിക്കുവാൻ നിറമനസ്സോടെ സ്വീകരിക്കുക.

സ്നേഹപൂർവ്വം
ചീഫ് എഡിറ്റർ